**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1713

14.08.2017-ൽ മറുപടി

## കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ദാസൻ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ ഭരണാനുമതി ലഭ്യമാക്കാൻ ഇനി എന്തെല്ലാം നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ടെന്നും, ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ; | (എ) കേരളത്തിൽ തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്ക് 11.09.2015-ലെ ജി.ഒ. (എം.എസ്) 74-2015-പി.ഡബ്ല്യൂ.ഡി പ്രകാരം 6728 കോടി ( തിരുവനന്തപുരം - 4219 കോടി + കോഴിക്കോട് - 2509 കോടി) രൂപയ്ക്ക് കേരള സർക്കാർ ഭരണാനുമതി നൽകി. തുടർന്ന് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി പ്രസ്തുത പദ്ധതിയുടെ വിശദ രൂപ രേഖകളും, മറ്റ് വിശദവിവരങ്ങളും 2015 സെപ്റ്റംബറിൽ സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര നഗരവികസന മന്ത്രാലയം പ്രസ്തുത പദ്ധതിയുടെ വിശകലനവും പരിശോധനയും നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ പ്രക്രിയയുടെ ഭാഗമായി വിവിധ കേന്ദ്ര മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും അഭിപ്രായങ്ങളും സംശയങ്ങളും കേരള സർക്കാരിനെ അറിയിക്കുകയും അവയ്ക്കെല്ലാം മറുപടി / വിശദീകരണം നൽകുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. |
| (ബി) പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കൽ ഏത് ഘട്ടത്തിലാണെന്നും എന്തെല്ലാം | (ബി) കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുടെ ഡിപ്പോ / യാർഡ് |

| | |
|---|---|
| നടപടികൾ പൂർത്തിയാക്കിയെന്നും വിശദമാക്കാമോ; | ആവശ്യങ്ങൾക്കായി 8.2819 ഹെക്ടർ സർക്കാർ ഭൂമി സർക്കാർ ഉത്തരവ് പ്രകാരം കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. നിർദ്ദിഷ്ട ലൈറ്റ് മെട്രോ പദ്ധതിയുടെ സ്റ്റേഷനുകൾ നിർമ്മിക്കാൻ ആവശ്യമായ 1.447 ഹെക്ടർ സ്വകാര്യ ഭൂമി ഏറ്റെടുക്കാൻ 08.09.2016-ലെ ജി.ഒ.(എം.എസ്) 67-2016-പി.ഡബ്ല്യു.ഡി പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലമെടുപ്പിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. |
| (സി) പ്രസ്തുത പദ്ധതിക്കായി പൊതുമരാമത്ത് വകുപ്പ് മുഖേന പൂർത്തീകരിക്കേണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ? | (സി) പദ്ധതി നടത്തിപ്പിനായി പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ ഒരു SPV (Special Purpose Vehicle) രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രാരംഭ നടപടികളായ പാതവികസനം, മേൽപ്പാലങ്ങളുടെ നിർമ്മാണം മുതലായ ജോലികളും പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ആണ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ